# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4975

23.03.2018 ന് മറുപടിയ്ക്ക്.

## ടൈഗർ റിസർവ്വ് വനങ്ങളിൽ നിന്നും ആദിവാസികളെ ഒഴിപ്പിക്കുന്ന നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അബ്ദുൽ ഹമീദ് പി<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്. | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) ടൈഗർ റിസർവ്വ് വനങ്ങളിൽ നിന്നും ആദിവാസികളെ ഒഴിപ്പിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരളത്തിലെ ടൈഗർ റിസർവ്വ് വനങ്ങളിൽ നിന്നും ആദിവാസികളെ ഒഴിപ്പിച്ചിട്ടില്ല. |
| (ബി) ഇത്തരത്തിൽ ആദിവാസികളെ ഒഴിപ്പിക്കുന്നതിന് നിയമം ഉണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമെന്ന് വെളിപ്പെടുത്തുമോ; | (ബി) ഉണ്ട്. ടൈഗർ റിസർവ്വിനുള്ളിൽ നിന്നും പുനരധിവാസത്തിന് സ്വയം സന്നദ്ധരാകുന്ന ആദിവാസികളെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ സെക്ഷൻ 38 V (5)ൽ നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ ഒഴിപ്പിക്കപ്പെടുന്ന ആദിവാസികൾക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ; എന്തൊക്കെയാണ് നഷ്ടപരിഹാരമായി വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (സി) നഷ്ടപരിഹാരം നൽകുന്നതിന് പല വ്യവസ്ഥകൾ ഉണ്ട്. കേരളത്തിൽ വയനാട് വന്യജീവി സങ്കേതത്തിൽ ഒരു കുടുംബത്തിന് 10 ലക്ഷം രൂപ നൽകിയാണ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ